(ബി) ആർ. ബി. ഐ. നിയമപ്രകാരം 4 ലക്ഷം രൂപ വരെ PLR നിർബന്ധമാണ്. അതിനുമുകളിൽ അതാത് ബാങ്കുകൾക്ക് നിരക്ക് നിശ്ചയിക്കാം.

(സി) ഇവയുടെ പലിശനിരക്ക് 8.5 ശതമാനം മുതൽ 14 ശതമാനം വരെയാണ്.

(ഡി) പലിശ അതാത് ബാങ്കുകൾക്ക് നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം ആർ.ബി.ഐ. നൽകിയിട്ടുണ്ട്.

**കെട്ടിട നിർമ്മാണ സാധനങ്ങൾ റോഡരികിൽ സൂക്ഷിക്കുന്നതുമൂലമുള്ള റോഡപകടങ്ങൾ**

148 [1711] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡരികിൽ കെട്ടിട നിർമ്മാണത്തിനുള്ള വസ്തുക്കൾ സൂക്ഷിക്കുന്നത് കർശനമായി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ സാധനസാമഗ്രികൾ റോഡരികിൽ സൂക്ഷിക്കുന്നത് കാരണം വാഹനാപകടങ്ങൾ കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ പൊതുനിരത്തുകളിൽ സാധ്നസാമഗ്രികൾ സൂക്ഷിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) റോഡരികിൽ കെട്ടിട നിർമ്മാണത്തിനുള്ള വസ്തുക്കൾ സൂക്ഷിക്കുന്നത് തടയുന്നതിനായി, റവന്യൂ, പോലീസ് അധികാരികളുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇല്ല.

(സി) കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

**വികലാംഗ നിയമനം യഥാസമയം നടത്തുന്നതിന് നടപടി**

149 [1712] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗരുടെ നിയമനത്തിൽ മൂന്നു വർഷം കഴിയുമ്പോൾ നിലവിലുള്ള ഒഴിവുകൾ നഷ്ടപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വികലാംഗ നിയമനം നടത്തിയെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ നിയമനങ്ങളുടെ കണക്ക് ജില്ലാടിസ്ഥാനത്തിൽ വകുപ്പ് തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഈ കാലയളവിൽ എത്ര വികലാംഗ നിയമനം ലാപ്സായിട്ടുണ്ട്; ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ;

(ഇ) മൂന്ന് വർഷം കഴിയുമ്പോൾ നിയമനം നഷ്ടമാകുന്ന പ്രശ്നം പരിഹരിക്കാൻ നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്തുമോ?

*ഉത്തരം*

(എ) വികലാംഗരുടെ നിയമനത്തിൽ മൂന്നുവർഷം കഴിയുമ്പോൾ നിലവിലുള്ള ഒഴിവുകൾ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ചതും 179 ദിവസം പൂർത്തിയാക്കിയതുമായ 507 വികലാംഗരെ സ്ഥിരപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വികലാംഗർക്കുള്ള 3% സംവരണ പ്രകാരം ജില്ലാകളക്ടർമാർ 12-7-2004 വരെ 1306 നിയമനം നൽകിയിട്ടുണ്ട്.

| ജില്ല | സർക്കാർ ഉത്തരവ് പ്രകാരം താൽക്കാലിക സർവ്വീസുള്ള വികലാംഗരെ റഗുലറൈസ് ചെയ്തത് | 3% സംവരണ പ്രകാരം ജില്ലാ കളക്ടർമാർ നിയമനം നൽകിയത് |
|---|---|---|
| തിരുവനന്തപുരം | 89 | 225 |
| കൊല്ലം | 26 | 64 |
| പത്തനംതിട്ട | 21 | 61 |
| കോട്ടയം | 49 | 89 |
| ആലപ്പുഴ | 36 | 56 |
| ഇടുക്കി | 22 | 52 |
| എറണാകുളം | 85 | 76 |
| തൃശൂർ | 7 | 156 |
| മലപ്പുറം | 57 | 223 |
| കോഴിക്കോട് | 31 | 60 |
| വയനാട് | 21 | 52 |
| പാലക്കാട് | 22 | 56 |
| കണ്ണൂർ | 21 | 72 |
| കാസർഗോഡ് | 18 | 74 |
| ആകെ | 507 | 1306 |

LIBRARY ARCHIVES Kerala Legislative Assembly.